# ജനാധിപത്യത്തിന്റെ സൂര്യവെളിച്ചം
## അഡ്വ. കാളീശ്വരം രാജ്

**വിവരവകാശനിയമത്തിലെ 25-ാം വകുപ്പ് നിയമത്തിലെ ഫലപ്രാപ്തികൾ പുനരവലോകനത്തിന് വിധേയമാക്കേണ്ടതിനെക്കുറിച്ച് പറയുന്നു. 26-ാം വകുപ്പ് നിയമനടത്തിപ്പിൽ ഉദ്യോഗസ്ഥന്മാർക്കും ജനങ്ങൾക്കും ഉണ്ടാകേണ്ട പങ്കാളിത്തത്തെക്കുറിച്ചു പറയുന്നു. ഈ വ്യവസ്ഥകൾ ഇന്ത്യൻ സമൂഹ ത്തിന്റെ പിന്നോക്കാവസ്ഥയേയും നിരക്ഷരതയേയും വേണ്ടവിധത്തിൽ ഉൾക്കൊണ്ടവയാണ്.**

താരതമ്യേന, പ്രസംഗങ്ങൾ കുറച്ചുകൊണ്ട് നീങ്ങുന്ന യു.പി.എ. ഭരണം, മുൻസർക്കാരിനെ അപ്കേഷിച്ച് പ്രവൃത്തികളിൽ ഏറെ മുന്നോട്ട് പോയിട്ടുണ്ട്. അധുനികവും, പരിവർത്തനോന്മുഖവുമായ മനസ്സുകൾക്ക് മാത്രമേ മെച്ചപ്പെട്ട ഭരണഘടനാ രാഷ്ട്രീയം സൃഷ്ടിക്കാനാവൂ. ഈ നിലയിലുള്ള ശ്രദ്ധേയമായ ചുവടുവെയ്പ്പാണ് 2005 ലെ വിവരാവകാശ നിയമം. ഇന്ത്യൻ ജനാധിപത്യത്തിന്റെ സൂര്യവെളിച്ചമാണിത്.

ഇങ്ങനെയൊക്കെ ആണെങ്കിലും ഇന്ത്യൻ സാഹചര്യത്തിൽ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് മുന്നിൽ ഉയർന്ന് വരാവുന്ന നാല് പ്രതിബന്ധനങ്ങൾ ഇവയായിരിക്കും. ദാരിദ്ര്യം, നിരക്ഷരത, അഴിമതി, ഉദ്യോഗസ്ഥരുടെ അലസതയും നടപടികളിലെ കാലവിളംബരവും.

ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിൽ ഇല്ലെന്നല്ല. നിയമപ്രകാരം നൽകാൻ ബാധ്യതപ്പെട്ട വിവരങ്ങൾ കൊടുക്കാതിരുന്നാൽ 25000 രൂപ വരെ പിഴശിക്ഷ വിധിക്കാമെന്നും വിവരനശീകരണത്തിന്റേയും മറ്റും പേരിൽ നടപടികൾ സ്വീകരിക്കാമെന്നും 20-ാം വകുപ്പ് പറയുന്നു.

25-ാം വകുപ്പ് നിയമത്തിന്റെ ഫലപ്രാപ്തികൾ പുനരവലോകനത്തിന് വിധേയമാക്കേണ്ടതിനെക്കുറിച്ച് പറയുന്നു. 26-ാം വകുപ്പ് ആവശ്യമായ പ്രചരണ പ്രവർത്തനങ്ങളെക്കുറിച്ചും നിയമനടത്തിപ്പിൽ ജനങ്ങൾക്കും ഉദ്യോഗസ്ഥന്മാർക്കും ഉണ്ടാകേണ്ടുന്ന പങ്കാളിത്തത്തെക്കുറിച്ചും പറയുന്നു. ഈ വ്യവസ്ഥകൾ ഇന്ത്യൻ സമൂഹത്തിന്റെ പിന്നോക്കാവസ്ഥയേയും നിരക്ഷരതയേയും വേണ്ടവിധത്തിൽ ഉൾക്കൊണ്ടവയാണ്.

വിവരാവകാശത്തിന്റെ കാര്യത്തിൽ മറ്റു പല തെക്കനേഷ്യൻ രാജ്യങ്ങളെക്കാളും മുന്നിലാണ് നാമെന്ന് നിസ്സംശയം പറയാം. ഉദാഹരണത്തിന് ശ്രീലങ്കയിൽ വിവരാവകാശത്തിന് നിയമപരമായ അടിത്തറയോ പിൻബലമോ ഇല്ല. അതേ സമയം അവിടുത്തെ ഔദ്യോഗിക രഹസ്യനിയമം (1995) മുതൽ പ്രസ് കൗൺസിൽ നിയമം (1973) വരെയുള്ള പല നിയമങ്ങളും വിവരാവകാശത്തിന് എതിർ നിൽക്കുന്നവയാണെന്ന് ദീപികാ ഉദഗാമ (1) എഴുതുന്നു. ഇക്കാര്യത്തിൽ ശ്രീലങ്ക സ്വീഡനേയും ദക്ഷിണാഫ്രിക്കയേയും മാതൃകയാക്കണമെന്ന് ദീപിക എഴുതിയത് 6 വർഷങ്ങൾക്കുമുമ്പാണ്. (2) ഇനി ശ്രീലങ്കക്ക് ഇക്കാര്യത്തിലത് അയൽക്കാരിയെന്നതിനേക്കാൾ അമ്മയായ ഇന്ത്യയെ മാതൃകയാക്കാവുന്നതാണ്.

എന്നാൽ, എഴുതി വച്ച നിയമങ്ങൾകൊണ്ടുമാത്രം വിവരാവകാശങ്ങൾ യാഥാർത്ഥ്യമാകണമെന്നില്ല. ചിലപ്പോൾ മൂർത്ത രാഷ്ട്രീയം നിയമത്തിന്റെ തത്വങ്ങളേയും സ്വപ്നങ്ങളേയും കീഴ്മേൽ മറിച്ചിടും. നേപ്പാളിൽ വിവരാവകാശം മൗലീകാവകാശമാണെന്ന് ഭരണഘടനയിൽതന്നെ പറയുന്നുണ്ട്. നേപ്പാളീസ് ഭരണഘടനയുടെ 16-ാം അനുഛേദമനുസരിച്ച് പൗരന്മാർക്ക് വിവരങ്ങൾ ആവശ്യപ്പെടാനും ലഭിക്കാനുമുള്ള അവകാശമുണ്ട്. അതിലെ 13-ാം അനുഛേദനമനുസരിച്ച് പത്രസ്വാതന്ത്ര്യവും മൗലീകാവകാശമാണ്. നമ്മളെക്കാളും ഉയരത്തിൽ നിൽക്കുന്നുവെന്ന് തോന്നുന്ന ഈ രാജ്യം മേൽപ്പറഞ്ഞ അനുഛേദങ്ങളെ എത്ര എളുപ്പത്തിലാണ് അട്ടമറിച്ചതെന്ന് കാണാൻ അടുത്തകാലത്തെ സംഭവവികാസങ്ങൾ നോക്കിയാൽ മതി. രാജവാഴ്ച്ചയുടെ കരുത്തിന് മുന്നിൽ ജനാധിപത്യ അവകാശങ്ങൾ ഹനിക്കപ്പെട്ടപ്പോൾ അറിയാനുള്ള അവകാശമാണ് ആദ്യം ഇല്ലാതായത്. ആദ്യത്തെ കടന്നുക

യറ്റം തന്നെ അവിടെ പത്രങ്ങൾക്ക് നേര്യായിരുന്നുവല്ലോ. ഭരണഘടനക്ക് പുറമേ കോമൺകോഡിൽ (മൂലകി എൻ) കൂടി വിവരാവകാശം സംബന്ധിച്ച പ്രത്യേകവ്യവസ്ഥകൾ ഉള്ള ഒരു രാജ്യത്താണിത് സംഭവിച്ചത്.

ബഗ്ലാദേശിൽ, നിരക്ഷരത തന്നെയാണ് വിവരാവകാശത്തിന് മുന്നിലുള്ള പ്രധാനവെല്ലുവിളിയെന്ന് അമീർ ഉൾ ഇസ്ലാം എഴുതുന്നു (3) പാക്കിസ്ഥാനിൽ, രഹസ്യ രേഖകൾ കോടതിയിൽ ഹാജരാക്കുന്നതിനെ കോടതികൾ തന്നെ പലവട്ടം വിലക്കിയ കാര്യവും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. (4) 1997 ൽ പാക്കിസ്ഥാനിൽ വിവരസ്വാതന്ത്ര്യ ഓഡിനൻസ് കൊണ്ടുവന്നെങ്കിലും അത് ലാപ്സായിപോകുകയാണ് ഉണ്ടായത്.

ഈ രാജ്യങ്ങളുമായി തട്ടിച്ച് നോക്കുമ്പോൾ നമ്മുടെ നിയമം ഏറെ മുന്നിലാണ്. വേണമെങ്കിൽ അമേരിക്ക, ബ്രിട്ടൺ, അയർലണ്ട്, ആസ്ത്രേലിയ, കാനഡ തുടങ്ങിയ വികസിതജനാധിപത്യരാജ്യങ്ങളിലെ വിവരാവകാശ, വിവരസ്വതന്ത്ര്യനിയമങ്ങൾക്കൊപ്പം നിൽക്കുന്ന ഒന്നാണതെന്നും പറയാം. എന്നാൽ നിയനിർമ്മാണത്ിതൽ നാം കൈവരിച്ച വിജയം അതിന്റെ നടത്തിപ്പിലും കൈവരിക്കേണ്ടതുണ്ട്. അത് ശ്രമകരമാണ് താനും. ഏതായാലും മതിലുകൾ തകരുന്ന ഒരു കാലം വന്നുകൊണ്ടിരിക്കുന്നു.